**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4253** **06-03-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതിയിൽ അവയവമാറ്റ ശസ്ത്രക്രിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ് പദ്ധതിയിൽ അവയവമാറ്റ ശസ്ത്രക്രിയക്കായി കോർപ്പസ് ഫണ്ടിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഇതിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും എത്ര അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള ക്ലെയിം നൽകിയിട്ടുണ്ടെന്നും എത്ര ശസ്ത്രക്രിയകൾക്കുള്ള ക്ലെയിം നൽകാൻ ബാക്കിയുണ്ടെന്നും വിശദമാക്കുമോ; | (എ) | **23.06.2022-ലെ ജി ഒ (പി) നം.70/2022/ധന സർക്കാർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച പദ്ധതിയിലും ഇൻഷുറൻസ് കമ്പനിയുമായുള്ള MoU പ്രകാരവും 12 ഇന അവയവമാറ്റ ശസ്ത്രക്രിയകൾക്കായി 35 കോടിയിൽ കുറയാത്ത തുകയാണ് മൂന്ന് വർഷ കാലയളവിലേയ്ക്ക് കോർപ്പസ് ഫണ്ടായി ഇൻഷുറൻസ് കമ്പനി അവർക്ക് വാർഷിക പ്രീമിയം തുകയായി നൽകുന്ന തുകയിൽനിന്നും കരുതി വയ്ക്കേണ്ടത്. ഇതിൽ 1551 അവയവമാറ്റ ശസ്ത്രക്രിയകൾക്ക് 33,61,57,103/- രൂപയുടെ അപ്രൂവൽ നൽകിയിട്ടുള്ളതായും ആയത് തന്നെ പൂർണമായും നൽകിയിട്ടുണ്ടെന്നും 14.02.2023-ന് ഇൻഷുറൻസ് കമ്പനി നൽകിയ വിവരം മെഡിസെപ് പോർട്ടലിലെ ഡാഷ്ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.** |
| (ബി) | അവയവമാറ്റ ശസ്ത്രക്രിയ്ക്കുള്ള ഫണ്ട് വിഹിതം കഴിഞ്ഞതായി ഇൻഷുറൻസ് കമ്പനിയിൽ നിന്നും ആശുപത്രികൾക്ക് അറിയിപ്പ് ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിജസ്ഥിതി വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ